# ACADEMIC MASTER PLAN



## GLPS ANCHAL

2025–26

# INDEX


| S.No | Activities | Pg.No |
|---|---|---|
| 1. | ആമുഖം | 1 - 2 |
| 2. | സന്നദ്ധതാ പ്രവർത്തനങ്ങൾ | 3 - 6 |
| 3. | Class - 1 | 7 - 16 |
| 4. | Class - 2 | 17 - 25 |
| 5. | Class - 3 | 26 - 35 |
| 6. | Class - 4 | 36 - 43 |
| 7 | Arabic | 44 - 45 |

# ആമുഖം

സമഗ്ര ഗുണമേന്മയിലേക്ക് ഒരു കുട്ടിയെ നയിക്കുന്നതിനുള്ള ഒരു വഴിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി വിദ്യാലയങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നു. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും കൂട്ടായി പ്രയത്നിക്കണം. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പിക്കുന്നുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്സ്റൂമിലെ പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിലൂടെ സജീവ പങ്കാളിത്തം.
- ഓരോ അധ്യാപകനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു വ്യക്തിയായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# സന്നദ്ധതാ പ്രവർത്തനങ്ങൾ

## ആമുഖം.

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. അതിന്റെ പ്രവർത്തനങ്ങളിലേക്ക് കുട്ടികളെ എത്തിക്കാൻ ലക്ഷ്യബോധമുള്ള പ്രവർത്തനങ്ങൾ കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി പഠന പിന്തുണയോടൊപ്പം തന്നെ ഒരു ദിവസം ഒരു മണിക്കൂർ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കണം.

**പ്രവർത്തനങ്ങൾ**

03/06/2025 മുതൽ 13/06/2025 വരെ
കുട്ടികളിൽ വികസിക്കേണ്ട പാഠ്യധാരണങ്ങൾ
സ്കൂൾ തലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ.

**ഒന്നാം ക്ലാസ്**

മുന്നൊരുക്കം.

ഒന്നാം ക്ലാസിൽ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ കുട്ടികളെ ഒരുക്കേണ്ടതുണ്ട്. അവരുടെ പേശിവികാസം, ഭാഷാപരമായ കഴിവുകൾ, സാമൂഹികമായ കഴിവുകൾ

സർഗ്ഗാത്മകമായ കഴിവുകൾ, വൈജ്ഞാനികമായ വികാസം എന്നിവയിലേക്ക് നയിക്കാൻ പത്ത് ദിവസത്തേക്ക് ഒന്നാംഘട്ടം നടത്തുന്നു.

## കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ.
(2, 3 and 4 ക്ലാസുകൾ)

### ഒന്നാം ദിവസം.

* സ്കൂളിനെ അറിയുവാനും അന്യോന്യം അറിയുവാനും ഉള്ള അവസരം.

### രണ്ടാം ദിവസം.

* വിവിധ റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ച് കടക്കുമ്പോൾ, ജലപാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ പാലിക്കേണ്ട കാര്യങ്ങൾ.

### മൂന്നാം ദിവസം.

* വ്യക്തിശുചിത്വം.

### നാലാം ദിവസം.

* പൊതു ആരോഗ്യം.

അഞ്ചാം ദിവസം.

* ഡിജിറ്റൽ അച്ചടക്കം.

ആറാം ദിവസം

* പൊതുമുതൽ സംരക്ഷണം.

ഏഴാം ദിവസം.

* പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

# Class 1

# ആമുഖം.

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന എന്നീ അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്ന ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ.

* ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും ചിത്രമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാകുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങൾ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടി എന്ന് ഉറപ്പുവരുത്തുക.
* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ചിത്രമായ ഗണിത ക്രിയകൾ നിർവഹണം ചെയ്യുന്നതിനു കഴിവ് നേടുക.
* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനുമുള്ള കഴിവുള്ളവരാക്കുക.
* കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പുവരുത്തുക.

# മലയാളം.

## ജൂൺ - ജൂലൈ

* ഒന്നൊരുക്കം - ആദ്യത്തെ 10 ദിവസം
* ക്ലാസ് PTA
* ജൂൺ 19 ന് 'വായനാക്കൂടാരം' ഉദ്ഘാടനം ചെയ്യൽ
* വീട്ടിലൊരു ലൈബ്രറി
* രക്ഷിതാക്കൾ ബാലസാഹിത്യകൃതികൾ വായിച്ച് കേൾപ്പിക്കുക. കുട്ടികൾ കഥകൾ കേട്ട് പറയുക.
* കഥാവേളകൾ
* കഥാഭിനയം, അരങ്ങ്
* സംയുക്ത ഡയറിയെഴുത്ത്.
* സ്വാതന്ത്ര്യസമര ചിത്ര വായന

## ആഗസ്റ്റ് - സെപ്റ്റംബർ.

* പാട്ടരങ്ങ്
* കുറിപ്പെഴുത്ത്
* ഓണക്കാല അനുഭവം പങ്കിടൽ
* സംയുക്ത എഴുത്ത്
* സംഭാഷണമെഴുത്ത്.
* സചിത്ര പുസ്തകത്തിലെ തനിച്ചെഴുത്ത്
* കണ്ടെത്തൽ വായന

## ഒക്ടോബർ - നവംബർ

* രചനോത്സവം
* കഥ സ്വന്തം ഭാഷയിൽ പറയുന്നതിന്
* തനിച്ചെഴുത്ത്
* ഭാവാത്മക വായന
* റീഡേഴ്സ് തിയേറ്റർ.

## ഡിസംബർ - ജനുവരി.

* സ്വന്തം കഥകൾക്ക് ചിത്രീകരണം നടത്തൽ
* സംഭാഷണം തയ്യാറാക്കി അവതരണം.
* സചിത്ര കഥാരചന.
* രുചിയുത്സവം
* രചനോത്സവം
* ബാല സാഹിത്യകൃതികൾ സംഘങ്ങളായും തനിച്ചും ഉള്ള വായന.

## ഫെബ്രുവരി - മാർച്ച്.

* പാഴ് വസ്തുക്കളിൽ നിന്നും കളിപ്പാട്ട നിർമ്മാണം.
* നിരീക്ഷണം, വിവരശേഖരണം തരംതിരിക്കൽ ആശയവിനിമയം.
* കളിവണ്ടി നിർമ്മാണം.
* ഒന്നിപ്പാടൽ
* ആശയതുടർച്ച
* വിഭാഗങ്ങൾ, പഠനോത്സവം.

# English

Standard : 7

## June - July

* Chart containing colours, names of vehicles etc.
* List containing names of various objects.
* Descriptions of objects.
* Completed conversation.

## August - September.

* Chart containing names of birds, animals, etc.
* Completed conversation.
* Completed songs.
* Descriptions of objects, birds and animals.

## October - November.

* Short descriptions of familiar objects / persons.
* Lines added to songs.
* Dialogues related to specific contexts.
* Digital document of choreography, skit etc.

## December - January

* Short description of familiar objects/persons.
* Lines added to songs.
* Dialogues related to specific contexts
* Descriptions of events in past and present

## February - March.

* Develop a positive attitude toward socialisation and friendship.
* Empathy and fellow feelings. etc
* Uses possessives.
* Gets familiarised with several action words in simple past and present.
* Use action verbs in oral & written discourses.

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും ആവബോധം ഉണ്ടായിരിക്കുമ്പോൾ ഗണിതം പിന്നോട്ട് പോകാതെ വ്യവഹാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നും തന്നെ പഠിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

<u>ജൂൺ</u>

* ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും വേർതിരിക്കുകയും ചെയ്യുന്നതിന്.
* വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കൽ.
* 1 മുതൽ 5 വരെയുള്ള സംഖ്യകൾ വായിക്കുക എഴുതുക.
* 1 മുതൽ 5 വരെയുള്ള സംഖ്യകളിൽ ചെറുത് വലുത് കണ്ടെത്തുക.
* വ്യത്യസ്ത തരത്തിൽ കൂട്ടങ്ങളാക്കുക.

ജൂലൈ

* സിന്ധു ജീവിതവുമായി ബന്ധപ്പെട്ട 9 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുക.
* കൂട്ടങ്ങളാക്കി വ്യത്യസ്ത രീതിയിൽ ക്രമീകരിക്കാനും പറയുവാനും കഴിയുക.

ആഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.
* താരതമ്യം ചെയ്ത് വലുത് ചെറുത് കണ്ടെത്തുന്നു.

സെപ്റ്റംബർ

* സങ്കലന വ്യവകലന ക്രിയകൾ പരിചയപ്പെടുന്നു.
* '+', '-' ചിഹ്നങ്ങൾ മനസിലാക്കുന്നു തിരിച്ചറിയുന്നു.
* പകുതി, ഇരട്ടി എന്നിവ കണ്ടെത്തൽ വ്യത്യസ്ത വഴികളിലൂടെ
* തുക 20 വരെ കിട്ടുന്ന രണ്ട് ഒറ്റ സംഖ്യകളുടെ തുക കാണൽ.
* 20 വരെയുള്ള സംഖ്യയിൽ നിന്ന് ഒറ്റ സംഖ്യകളുടെ വ്യത്യാസം കാണൽ

ഒക്ടോബർ

* 1 മുതൽ 100 വരെയുള്ള സംഖ്യകൾ വായിക്കുന്നതിനും എഴുതുന്നതിനും
* ഒറ്റക്ക, രണ്ടക്ക സംഖ്യകളുടെ ഗുണനം (20വരെ) മനക്കണക്കായി പറയുന്നതിന്.
* ആവർത്തിച്ചുള്ള ഗുണനമെന്ന് കണ്ടെത്തുന്നു.

നവംബർ

* വസ്തുക്കളുടെ താരതമ്യം
* ഭാരം കൂടിയത് കുറഞ്ഞത്, നീളം കൂടിയത് നീളം കുറഞ്ഞത് കണ്ടെത്തുന്നതിന് ഊഹിച്ചും അളന്നും.
* നിത്യജീവിതത്തിൽ അളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്.

ഡിസംബർ

* സമയം അളക്കുന്നതിന് അത് കൃത്യമായി ഉപയോഗപ്പെടുത്തൽ.
* കലണ്ടർ ഉപയോഗം

ജനുവരി


* സംഖ്യാബോധം, സാഹചര്യബോധം
* പ്രശ്നപരിഹാര പാടവം.
* രണ്ടക്കസംഖ്യ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കൽ.

## ഫെബ്രുവരി, മാർച്ച്

* ദിനങ്ങൾ അന്വേഷിക്കാനും ശേഖരിക്കാനും
* ദിനങ്ങളുടെ പ്രാധാന്യം കണ്ടെത്താൻ.

ഗണിതക്രിയകൾ ചെയ്യാനുള്ള വ്യത്യസ്ത മാർഗ്ഗങ്ങൾ ആലോചിക്കുകയും ഏറ്റവും കാര്യക്ഷമമായ വഴി കണ്ടുപിടിക്കുവാനുമുള്ള കഴിവാണ് നാം കുട്ടികളിൽ വളർത്തിയെടുക്കേണ്ടത്.

# Class 2



# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കു...
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

## മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ജൂൺ**

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

**ജൂലൈ**

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

**ആഗസ്ത്**

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ**

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

**ഒക്ടോബർ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# Academic Master Plan

## English

**Aim .** : To speak, Read, & write English without any mistakes

**Time** : June to March

**Pretest**

To develop listening skills & reading skills first

**Listening skills**

Games, Action songs Hello English activities,2 conversations, skit stories

**Use ICT**

**Speaking skills**

Descriptions, growing sentences, picture reading, picture description self introduction Assembly activities- speech, book review, quiz riddles, self introduction. School radio etc

**Reading skills**

News paper reading, library books reading, book review, reading breaking news, finds words. Collect and read past tense, rhyming words, describing words etc Textbook activities

**Writing skills**

Make word web, picture description, word chain sentence chain, make words, & sentences make riddles, conversations, Add more lines, develop story, description, notice proclamation, diary letter Announcement, magazines

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം Std 2

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും 'തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

- 1, 2, 3, 4 ......

  1,3,5,7....

  10,20,30,40,....

  5,10,15,20....

  2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

## ജൂലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
  പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

  (5+5 = 10, 10+10= 20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ

- ക്ലാസിലൊരുകട സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
  സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

  5...10.... 15.... 20... 25

  (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

## നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

  10 രൂപ +5 രൂപ = 15 രൂപ

  നോട്ട് നാണയം

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
  രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

  പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# Class
# 3

# <u>മലയാളം</u>

<u>ലക്ഷ്യങ്ങൾ:-</u>
പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം, സംഭാഷണം)

<u>ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-</u>

<u>ജൂൺ - ജൂലായ്</u>

1. കനകച്ചിലങ്ക

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം

- കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

- 
- 

**<u>ആഗസ്റ്റ്, സെപ്തംബർ</u>**

**2. പലഹാരപ്പൊതി**

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
- 
- 
- 

**സി പി ടി എ ഒന്നാം മികവുത്സവം**

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

**<u>ഒക്ടോബർ</u>**

**3. മനുഷ്യന്റെ കൈകൾ**

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
- 
- 

# English

Aim : To speak, read and write English without any mistakes

: To develop the creative speaking and writing skills of pupils.

## June - March.

* pretest

## Listening skills

* games
* Action songs

## Speaking skills

* Self introduction
* picture description
* TB activities

## Reading Skills.

* Book reading
* Newspaper reading
* TB activities.

* Read notice
* Library book.
* Picture reading

<u>Writing Skills.</u>

* Description
* Thoughts
* Speech bubbles
* Picture stories
* Dairy
* Announcement
* Riddles
* Add more lines.

# ഗണിതം.

## ജൂൺ - ജൂലൈ

* ചതുരം, വൃത്തം ത്രികോണം എന്നി രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു.
* ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു.

## ആഗസ്റ്റ്

* സംഖ്യാ പാറ്റേണുകൾ.
* നാണയങ്ങൾ, കറൻസിനോട്ടുകൾ
* പാറ്റേണുകൾ
* ഗണിത ക്ലബ്ബ്

## സെപ്റ്റംബർ

* വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ.
* എല്ലാകുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക.

## ഒക്ടോബർ - നവംബർ.

* മന: കണക്കുകൾ
* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
* സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

## ഡിസംബർ - ജനുവരി.

* മനഃകണക്കുകൾ
* മണ്വാടിക്കളി
* ഗുണന വസ്തുതകൾ നേടൽ.
*

## ഫെബ്രുവരി - മാർച്ച്.

* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
* ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ.
* ഐ. സി. ടി വിഭവങ്ങളുടെ ഉപയോഗം

**വിഷയം: പരിസര പഠനം** **ക്ലാസ് : 3**

ലക്ഷ്യം 1 :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| Sl O | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **ഞാനും എൻ്റെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ ,പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം ;സ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ ;<br>**പൂന്തോട്ടം ഒരുക്കാം**<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |

ലക്ഷ്യം 2 - പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **പ്രകൃതി നടത്തം**<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- ഫീൽഡ് ട്രിപ്പ്<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ് )<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെൻററി പ്രദർശനം)<br>- ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |
| 2 | **പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 3 | **ഒരു തൈ നടാം**<br>- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>- നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ |
| 4 | **പോസ്റ്റർ നിർമ്മാണം**<br>- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | മാർച്ച് - മെയ് |
| 5 | **ദാഹജലം**<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

ലക്ഷ്യം 3
കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ _ മാർച്ച് |

ലക്ഷ്യം: 4
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കളം, വയൽ, കാട്, etc)<br>ഡിസംബർ - ഫെബ്രുവരി | ജനുവരി-മാർച്ച് |
| 2 | **പരീക്ഷണങ്ങൾ**<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം | ഡിസംബർ - |

| | | |
|---|---|---|
| | - ക്യാമ്പ്<br>- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഫെബ്രുവരി |
| 4 | പക്ഷി നിരീക്ഷണം<br>- ക്യാമ്പ്<br>- പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി-മാർച്ച് |

# Class 4

# മലയാളം

| മധുരം മലയാളം | | |
|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ |
| **വായിക്കാം വളരാം** | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ |
| **എഴുതാം തെളിയാം** | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) |
| **എഴുത്തുകാരുമായി സംവദിക്കൽ** | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം |

| | | |
|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം |
| **രുചിച്ചറിയാം..** | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം |
| **കലക്കൂട്ട്** | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് |
| **സർഗ്ഗോത്സവം** | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ |

# Academic Master Plan

## std : 4 sub: English

| | |
|---|---|
| English Assembly | For learning English |
| • Aim | • Activities. |
| To increase the capability of reading and writing English fluently. | Conduct English assembly twice in a week. |
| • English Diary | • For learning English |
| For attaining, the writing of English without mistakes. | Write down all the activities in the school and at home daily as diary. |
| • English Theatre | • For learning English |
| Creative Learning | Presentation of learning objectives into skit, Drama, story telling, TPR, conversation etc. |

| | |
|---|---|
| • English Magazine | |
| • Creative Writing. | • Make magazine using their articles during three months. |
| • English handwritten ideas | • For writing English |
| • To increase the ability of writing English fluently. | Write letters to their friends: Special days celebrated on the school |
| • English corner | • For reading English |
| • To increasing the reading capability. | • Arrange a reading corner using simple story books and reading according to the level. Write simple reading notes or descriptions related to that. |

| • English Fest | |
|---|---|
| • Make each and everyone to read write and speak English fluently. | • Reading competition, writing competition presentation of TPR, skit, Reader's Theatre conversation etc. |

# ഗണിതം


| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| **കളിക്കാം..ഗണിക്കാം** | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവട കളി) | വർഷം മുഴുവൻ |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) |
| **ഗണിതലാബ്** | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| **ഗണിതച്ചുമർ** | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| **ഗണിതപഠനോപകരണശില്പശാല** | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം |
| **ഗണിതമേള** | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| **പ്രകൃതി നടത്തം** | | |
| നിരീക്ഷണം അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| **ശാസ്ത്രമൂല** | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ |
| **ശാസ്ത്രയാത്ര** | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ<br>പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം |
| **ഭൂപടമൊരുക്കാം** | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് |
| **ശാസ്ത്ര വിസ്മയ ചുമർ** | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം |
| **ശാസ്ത്രോത്സവം** | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശര,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ |
| **ശാസ്ത്രമാസിക** | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് |

# Arabic

## Class 1-4



## ക്ലാസ് - I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീട്ടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ ജൂലൈ<br>ജൂൺ ഫെബ്രുവരി<br>നവംബർ- ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗി ച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്- ഫെബ്രുവരി |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് |

# വിദ്യാലയ വികസന പദ്ധതി

പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെ കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ നിലവിലെ ഭൗതിക സാഹചര്യങ്ങളെ കൂടുതൽ മെച്ചപ്പെടുത്തി കാലഘട്ടത്തിനനുസൃതമായ തലത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുവാനുള്ള കരട് പദ്ധതി.

1) പുതിയ കെട്ടിടം

നിലവിൽ 'സി' ആകൃതിയിൽ നിൽക്കുന്ന കെട്ടിടത്തിന് നമ്മുടെ സ്കൂളിനോളം പഴക്കമുണ്ട്. ആ കെട്ടിടം നീക്കം ചെയ്യേണ്ടതുണ്ട്. പുതിയ കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി പണിത്കൊണ്ട് പഴയ കെട്ടിടം നില നിന്ന സ്ഥലം കുട്ടികൾക്ക് കളിസ്ഥലമായി പ്രയോജനപ്പെടുത്താവുന്ന വിധം ക്രമീകരിക്കാവുന്നതാണ്.

2) അടുക്കള

ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കള നിർമ്മാണം. സ്റ്റീം അടുപ്പ്, store room വിതരണ കൗണ്ടർ, ഫ്രിഡ്ജ്, പ്യൂരിഫൈഡ് വാട്ടർ എന്നിവ ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

3) നടപ്പാത നവീകരണം

സ്കൂൾ മുറ്റത്ത് പാകിയിട്ടുള്ള ടൈലുകൾ ഇളകിക്കിടക്കുന്നുണ്ട്. മഴ പെയ്യുമ്പോൾ നടക്കാൻ പറ്റാത്ത സ്ഥിതിയാണ്. അതിനാൽ നടപ്പാത നവീകരിക്കേണ്ടതുണ്ട്.

4) കുട്ടികൾക്ക് കൈകഴുകാനാവശ്യമായ സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്.

5) മാലിന്യ നിർമാർജ്ജനത്തിന് ശാസ്ത്രീയ മാതൃക അവലംബിക്കേണ്ടതുണ്ട്.

6) അറ്റകുറ്റ പണികൾ പൂർത്തിയാക്കി സ്കൂൾ സൗന്ദര്യവൽക്കരണം.

# Thank You.....